(സി) കോഴിക്കോട് സരോവരം പാർക്കിൽ 2013 നവംബർ 9 മുതൽ 11 വരെയാണ് അക്ഷര യുവത്വം ക്യാമ്പ് സംഘടിപ്പിച്ചത്. ശ്രീ.എംടി. വാസുദേവൻ നായർ, ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള, ശ്രീ. എം. ജി. എസ് നാരായണൻ, ശ്രീമതി വിനോദിനി ടീച്ചർ, ശ്രീ.എം മുകുന്ദൻ, ശ്രീ. കെ. ജയകുമാർ ഐ.എ.എസ്., ശ്രീ. ടി. പി. രാജീവൻ, ശ്രീമതി. അനിതാ നായർ പ്രൊഫ. വി.ആർ. സുധീഷ്, ശ്രീ. ടി. ഡി. രാമകൃഷ്ണൻ, ശ്രീ.സുഭാഷ് ചന്ദ്രൻ, ശ്രീ.കെ.പി. രാമനുണ്ണി, ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദ്, ശ്രീ.പി.കെ.പാറക്കടവ്, ശ്രീ. ഗിരീഷ് പുലിയൂർ തുടങ്ങി സാഹിത്യമേഖലയിലെ അൻപതോളം പ്രമുഖരുടെ ക്ലാസ്സുകൾ, സംവാദം, അഭിമുഖം, അനുഭവം പങ്കുവയ്ക്കൽ എന്നിവ ഇതിനോടനുബന്ധിച്ച് നടന്നു. കൂടാതെ യുവചിത്രകാരൻമാർ അവരുടെ ക്യാൻവാസിൽ ക്യാമ്പിന്റെ ദൃശ്യങ്ങൾ തത്സമയം വരച്ച് പ്രദർശിപ്പിച്ചു.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപശാല

248 (6699) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐരണി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപ്പശാല പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ യുവതികളുടെ ജീവിത നിലവാരവും സാമൂഹ്യപദവിയും ഉയർത്തുക, അവരിൽ സാമൂഹ്യ അവബോധം വളർത്തി സാമൂഹ്യ വിഷയങ്ങളിൽ നേരിട്ട് ഇടപെടുന്നതിലേക്ക് റോഡിയൊരുക്കുക എന്നീ വിഷയങ്ങളാണ് വനിതാശില്പശാലകൊണ്ട് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന ഏകദിന വനിതാ ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ ഈ മേഖലയിലെ പ്രമുഖർ കൈകാര്യം ചെയ്തിട്ടുണ്ട്. കൂടാതെ സായംതൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാന വനിതാ ശില്പശാല സംഘടിപ്പിക്കുന്നതിലേക്കുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

യുവജനക്ഷേമ ബോർഡിന്റെ ചരിത്ര വർഷം പരിപാടി

249 (6700) ശ്രീ. ഐരബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബാംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചരിത്ര വർഷം പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തൊക്കെ ലക്ഷ്യങ്ങളോടെ ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ പരിപാടികൾ സംഘടിപ്പിക്കുവാനുണ്ടായി , വിശദമാക്കുമോ ;

(ഡി) ആരെയെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 100 വർഷം പിന്നിട്ട ഇന്ത്യൻ സിനിമയുടെ നേട്ടം ആഘോഷിക്കുക, ബഹുഭൂരിപക്ഷം വരുന്ന യുവസിനിമാ പ്രവർത്തകരെ അവരുടേതായ മേഖലകളിൽ കൈപിടിച്ച് ഉയർത്തുന്നതിന് സഹായകമാകുംവിധം ചലച്ചിത്ര ശില്പശാലകൾ സംഘടിപ്പിക്കുക, പരിചിതരെ സ്റ്റിറിയോടുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിലേക്ക് കൂടുതൽ അവസരങ്ങൾ തുറന്നുകൊടുക്കുക എന്നതാണ് ലക്ഷ്യമിട്ടത്.

(സി) 2013 മേയ് 1-ന് പത്മശ്രീ മോഹൻലാൽ ചലച്ചിത്ര വർഷം പരിപാടി ഉദ്ഘാടനം ചെയ്യുകയും കൂടാതെ ശ്രീ.പി.ടി. രാജീവൻ, ശ്രീ.മധുപാൽ, ശ്രീമതി. ബീനാപോൾ തുടങ്ങിയവർ നയിച്ച ക്ലാസ്സുകളും സംഘടിപ്പിച്ചു. ഈ പരിപാടിയുടെ തുടർച്ചയായി 2013 ജൂൺ 19 മുതൽ 22 വരെ ശില്പശാലയും

LIBRARY ARCHIVES Kerala Legislative Assembly